**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 196** **04-10-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 30.04.2021 മുതൽ ഇ- ഓഫീസ് സംവിധാനം നടപ്പിൽ വന്നു. ആദ്യ ഘട്ടമെന്ന നിലയിൽ ഡയറക്ടറേറ്റിലെ FW സെക്ഷനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ടി സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുന്നതാണ്. |
| (ബി) | ഡി.എച്ച്.എസ്സ്. ൽ തപാലുകളും മറ്റും നിലവിൽ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | തപാലുകൾ സ്പീഡ് പോസ്റ്റ്, രജിസ്റ്റേർഡ് പോസ്റ്റ്, രജിസ്റ്റേർഡ് പാർസൽ, ഓർഡിനറി, നേരിട്ടുകൊണ്ടു വരുന്നവ എന്നീ മാർഗ്ഗങ്ങൾ മുഖേനയാണ് തപാൽ സെക്ഷനിൽ എത്തുന്നത്. ഓരോ മാർഗ്ഗം മുഖേന വരുന്ന തപാലുകൾ തരം തിരിച്ച്, തപാൽ സെക്ഷൻ ക്ലർക്കുമാർ അവ കൈപ്പറ്റുകയും, ഈ തപാലുകൾ (സർവ്വീസ് ബുക്കുകൾ ഉൾപ്പടെ) സെക്ഷൻ സൂപ്രണ്ടിന്റെ തീയതിയോടു കൂടിയുള്ള ഒപ്പും സെക്ഷൻ മാർക്കിംഗും കഴിഞ്ഞ് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നു. ഇവ അതതു ദിവസം തന്നെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററുകളിൽ ചേർത്ത്, ബന്ധപ്പെട്ട സെക്ഷനുകളിൽ ഓഫീസ്, അസിസ്റ്റന്റ്മാർ മുഖേന എത്തിക്കുകയും ചെയ്യുന്നു. സർക്കാരിൽ നിന്നും വരുന്ന തപാലുകൾ, മനുഷ്യാവകാശ കമ്മീഷൻ, വികലാംഗ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ, ലോകായുക്ത, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവിടങ്ങളിൽ നിന്നും വരുന്ന തപാലുകൾ തുടങ്ങിയവ, തപാൽ സെക്ഷനിൽ നിന്ന് നേരിട്ട് ഡി.എച്ച്.എസ്. ക്യാബിനിൽ എത്തിക്കുകയാണ് ചെയ്യുന്നത്. കോടതിയിൽ നിന്നും വരുന്ന ഒ.എ-കൾ അതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ ചേർത്ത്, ബന്ധപ്പെട്ട സെക്ഷനുകളിൽ നൽകുന്നു. അടിയന്തിര സ്വഭാവമുള്ള തപാലുകൾ, "അടിയന്തിരം റജിസ്റ്റർ"ൽ ചേർത്ത് അന്നന്നുതന്നെ എത്തിക്കുന്നു. തപാലുകളിൽ നിന്ന് അതാതു രജിസ്റ്ററുകളിൽ ചേർക്കപ്പെട്ട സർവ്വീസ് ബുക്കുകളെ "സേവന പുസ്തക |

| | | | |
|---|---|---|---|
| | | | റജിസ്റ്റർ”-ൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷനുകളിൽ ഓഫീസ് അറ്റൻഡന്റ്മാർ മുഖേന എത്തിക്കുന്നു. "വിവരാവകാശ നിയമം 2005” മുഖേന ഉത്തരം നൽകേണ്ട തപാലുകൾ പ്രത്യേകം ശേഖരിച്ച് അവ "വിവരാവകാശ രജിസ്റ്ററിൽ" ചേർത്ത് അവ ലഭ്യമാകുന്ന അന്നുതന്നെ "ഒ&എം" സെക്ഷനിൽ എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ